# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുമ്പളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.ALP.P-4/1055/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 03/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമ്പളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP.P-4/1055/2023 തീയ്യതി: 03/10/2023

## ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 21-07-2023 | 31-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-07-2023 | 31-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മായ.വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.റോയ്.റ്റി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സിജി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. വി വി ആശ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ജോയ് മാത്യു | സെക്രട്ടറി | 01-04-2022 | 21-04-2022 |
| ശ്രീ. അജയകുമാർ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-04-2022 | 04-07-2022 |
| ശ്രീ. പ്രശാന്ത് കെ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-07-2022 | 28-09-2022 |
| ശ്രീ. ജയകുമാർ ജി വി | സെക്രട്ടറി | 29-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. അനു ആർ നായർ | 01-04-2022 | 31-03-2023 |
| മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | ഡോ. സുബിൻ കെ സലാം | 01-04-2022 | 31-03-2023 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ജിജിമോൾ ആർ | 01-04-2022 | 31-03-2023 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ലിഞ്ചു കെ കരുൺ | 01-04-2022 | 31-03-2023 |
| വെറ്ററിനറി സർജൻ | ഡോ. ധന്യ വി പൈ | 01-04-2022 | 31-03-2023 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി. ദീപ്തി പി ഗോകുൽ | 01-04-2022 | 31-08-2022 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി. അനീസ സുരേന്ദ്രൻ | 01-09-2022 | 31-03-2023 |
| പ്രധാന അധ്യാപകൻ, ഗവ. എച്ച് എസ് എൽ പി എസ് | ശ്രീ. ബിജു എസ് | 01-04-2022 | 31-03-2023 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ദീപ്തി ജെയിംസ് | 01-04-2022 | 31-03-2023 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. മൃദുല മോഹൻ | 01-04-2022 | 31-03-2023 |
| ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | ശ്രീമതി. ലീന ഡെന്നിസ് | 01-04-2022 | 31-10-2022 |
| ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | ശ്രീ. പ്രമോദ് യു നായർ | 01-11-2022 | 31-03-2023 |

| | | | |
|---|---|---|---|
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സൌത്ത് സർക്കിൾ | ശ്രീ. അരുൺദാസ് വി | 01-04-2022 | 19-07-2022 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സൌത്ത് സർക്കിൾ | ശ്രീ. പ്രതീഷ് പി | 20-07-2022 | 22-08-2022 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സൌത്ത് സർക്കിൾ | ശ്രീ. അരുൺദാസ് വി | 23-08-2022 | 19-11-2022 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സൌത്ത് സർക്കിൾ | ശ്രീ. പ്രതീഷ് പി | 20-11-2022 | 13-12-2022 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സൌത്ത് സർക്കിൾ | ശ്രീ. അജി കെ ഡി | 14-12-2022 | 31-03-2023 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, നോർത്ത് സർക്കിൾ | ശ്രീ. പ്രതീഷ് പി | 01-04-2022 | 28-06-2022 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, നോർത്ത് സർക്കിൾ | ശ്രീ. രാജേഷ് ഇ ആർ | 29-06-2022 | 16-07-2022 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, നോർത്ത് സർക്കിൾ | ശ്രീ. അരുൺദാസ് വി | 17-07-2022 | 19-07-2022 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, നോർത്ത് സർക്കിൾ | ശ്രീ. പ്രതീഷ് പി | 20-07-2022 | 22-08-2022 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, നോർത്ത് സർക്കിൾ | ശ്രീ. അരുൺദാസ് വി | 23-08-2022 | 19-11-2022 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, നോർത്ത് സർക്കിൾ | ശ്രീ. പ്രതീഷ് പി | 20-11-2022 | 09-01-2023 |

| | | | |
|---|---|---|---|
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, നോർത്ത് സർക്കിൾ | ശ്രീ. അരുൺദാസ് വി | 10-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല. | 1-1-2 |
| 4 | ബാങ്കിൽ നേരിട്ട് ക്രഡിറ്റ് ചെയ്ത തുകയ്ക്ക് രസീത് നൽകി വരവിൽ ഉൾപ്പെടുത്തിയില്ല | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-4 |
| 6 | യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-5 |
| 7 | ചെലവഴിക്കുവാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | Other Rents - ഡിമാന്റ് തുക കളക്ഷൻ തുകയേക്കാൾ കുറവ് | 1-1-7 |
| 9 | സി.എഫ്.സി ഗ്രാന്റ് - എ.സി.ആറിലെ തുക വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | എം.ജി.എൻ.ആർ.ഇ.ജി.എസ് -വാർഷിക കണക്കും എം.ഐ.എസ് സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 20 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ - എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല. | 1-11 |
| 21 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 22 | വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല | 1-13 |

| | | |
|---|---|---|
| 23 | ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള വരവുകൾ വ്യക്തമല്ല | 1-14 |
| 24 | പാണാവള്ളി - പെരുമ്പളം ജങ്കാർ സർവ്വീസ് - അപാകതകൾ | 1-15 |
| 25 | തനതുഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-16 |
| 26 | പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ പഞ്ചായത്തിന് 18.43 ലക്ഷം രൂപയുടെ ബാധ്യത. | 1-17 |
| 27 | സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി-അധിക ചെലവ് - 63600/- | 1-18 |
| 28 | വനിതകൾക്ക് മെൻസ്റ്റുൽ കപ്പ് – വിതരണ രേഖകൾ ഹാജരാക്കിയില്ല. | 1-19 |
| 29 | പദ്ധതി രൂപീകരണ ചെലവ് - നടപ്പാക്കാത്ത പ്രോജക്ടിനുവേണ്ടി രജിസ്റ്ററുകളും രേഖകളും പ്രിന്റ് ചെയ്യുന്നതിന് തുക ചെലവഴിച്ചു. | 1-20 |
| 30 | അങ്കണവാടികൾക്ക് പോഷകാഹാരം - വണ്ടി വാടകയിനത്തിൽ തുക അധികം നല്കി. | 1-21 |
| 31 | പുളിക്കൽ വളവൻചിറ തോട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ - അംഗീകൃത എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ മനുഷ്യദിനം അനുവദിച്ചു. | 1-22 |
| 32 | പനമ്പുകാട് - കടേപ്പറമ്പ് ലക്ഷം വീട് കോളനി റോഡ് ടൈലിംഗ് - ടൈലിന് ഉയർന്ന നിരക്ക് നൽകി | 1-23 |
| 33 | കയർ ഭൂവസ്ത്രം വിരിച്ച് തോടുകളുടെ പാർശ്വഭിത്തി ബലപ്പെടുത്തൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-24 |
| 34 | ജങ്കാർ ഡ്രൈഡോക്ക് ചെലവ് - അപാകതകൾ | 1-25 |
| 35 | ലൈഫ് ഭവന പദ്ധതി - പ്രവൃത്തി പൂർത്തിയാക്കിയില്ല | 1-26 |
| 36 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നില്ല | 1-27 |
| 37 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ -87272/- രൂപയുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-28 |
| 38 | ഓഡിറ്റ് ഇംപാക്റ്റ് | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പുളിക്കൽ വളവൻചിറ തോട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ - അംഗീകൃത എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ മനുഷ്യദിനം അനുവദിച്ചു | 3-1 |
| 2 | അങ്കണവാടികൾക്ക് പോഷകാഹാരം - വണ്ടി വാടകയിനത്തിൽ തുക അധികം നല്കി | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023-ലെ 2(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 12.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii.C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും

നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ബാങ്കിൽ നേരിട്ട് ക്രഡിറ്റ് ചെയ്ത തുകയ്ക്ക് രസീത് നൽകി വരവിൽ ഉൾപ്പെടുത്തിയില്ല

ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ 03/23ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank ആയി ചേർത്തിട്ടുള്ള 9086/- രൂപയ്ക്ക് രസീത് നൽകി വരവിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

1-1-4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയ തുകകളെ സാധൂകരിക്കുന്ന രീതിയിൽ വസ്തുനികുതി, തൊഴിൽ നികുതി എന്നീ നികുതി വരവുകളുടെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1-1-5 യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി, തൊഴിൽ നികുതി മുതലായവയുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വർഷാവസാനം മാത്രമാണ് ലെഡ്ജറിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നത്.

1-1-6 ചെലവഴിക്കുവാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല.

ടോട്ടൽ സാനിട്ടേഷൻ ഇനത്തിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകയും (2328744) ഷെഡ്യൂൾ B-17, RP-40(b) എന്നിവ പ്രകാരമുള്ള യഥാർത്ഥ നീക്കിയിരുപ്പ് തുകയും (1262359) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-7 Other Rents - ഡിമാന്റ് തുക കളക്ഷൻ തുകയേക്കാൾ കുറവ്

വാർഷിക കണക്ക് ഷെഡ്യൂൾ I-3 പ്രകാരം Other Rents (ജംഗാർ വരവ്) എന്ന ഹെഡിലെ തൻവർഷ ഡിമാന്റ് തുക 12039295/- രൂപയാണ്. എന്നാൽ ഷെഡ്യൂൾ RP-43 പ്രകാരം തൻവർഷത്തെ കളക്ഷൻ തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് 12042295/- രൂപയാണ്.

1-1-8 സി.എഫ്.സി ഗ്രാന്റ് - എ.സി.ആറിലെ തുക വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലെ എ.സി.ആർ പ്രകാരമുള്ള വരവ്, ചെലവ് നീക്കിയിരുപ്പ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-9 എം.ജി.എൻ.ആർ.ഇ.ജി.എസ് -വാർഷിക കണക്കും എം.ഐ.എസ് സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് ഷെഡ്യൂൾ I-6ൽ രേഖപ്പെടുത്തിയിട്ടുള്ള ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചെലവ് തുക (25792000) എം.ഐ.എസ് റിപ്പോർട്ടിലെ യഥാർത്ഥ ചെലവുമായി (25767000) യോജിക്കുന്നില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 26.03.2022 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. 25.02.2023-ലെ തീരുമാനം നം. 1(1) പ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 145979330 | 144494054 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 86852238 | 91598793 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9679873 |
| വരവ് | 30043532 |
| ആകെ | 39723405 |
| ചെലവ് | 33031855 |
| നീക്കിയിരിപ്പ് | 6691550 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 8596000 | 8596000 | 7914616 | 681384 (ലാപ്സ്ഡ്) |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 1707000 | 1707000 | 1568060 | 138940 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 1776000 | 1776000 | 1776000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4570000 | 4570000 | 3134287 | 1435713 (ലാപ്സ്ഡ്) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) ട്രഷറി | 0 | 841628 | 841628 | 282651 | 558977 (ലാപ്സ്ഡ്) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) ബാങ്ക് | 2550000 | 2641000 | 5191000 | 833737 | 4357263 (ബാങ്ക്) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ബേസിക്) ബാങ്ക് | 1742017 | 1896760 | 3638777 | 3342646 | 296131 (ബാങ്ക്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 112 | 69360384 | 60 | 23883132 | 32 | 20 | 53.57 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4147 | 500551 | 504698 | 405102 | 99596 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 25386898 | 25386898 | 25386898 | 0 |
| ആകെ | 4147 | 25887449 | 25891596 | 25792000 | 99596 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 27360 | 78 |
| കർഷക തൊഴിലാളി പെൻഷൻ | 2508200 | 252 |
| വിധവാ പെൻഷൻ | 3685200 | 374 |
| വാർദ്ധക്യകാല പെൻഷൻ | 8981200 | 1049 |
| വികലാംഗ പെൻഷൻ | 1195200 | 113 |
| അവിവാഹിത പെൻഷൻ | 297600 | 32 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.07.2023 തീയതിയിൽ 12.47 P.M സമയത്ത് ഹെഡ് ക്ലാർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29,072/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ(എം.എസ്.) 123/2009/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
3. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല.
5. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
6. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയിട്ടില്ല.
7. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 ടാക്സ് ഓഡിറ്റ് - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. സൂചന പ്രകാരമുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ ടാക്സ് ഓഡിറ്റ് നടത്തിയ വിവരം ചുവടെ ചേർക്കുന്നു.

പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റും വാർഷികക്കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരമുള്ള വരവ് (₹) B | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം(₹) B-A |
|---|---|---|---|
| വസ്തു നികുതി (തൻവർഷം) | 710000/- | 562106/- | -147894/- |
| തൊഴിൽ നികുതി (തൻവർഷം) | 700000/- | 422010/- | -277990/- |
| വാടക വരവ് | 5000/- | 4800/- | -200/- |
| ഫീ & യൂസർ ചാർജ് | 282500/- | 104670/- | -177830/- |
| സെയിൽ & ഹയർ ചാർജസ് | 165000/- | 12654/- | -152346/- |
| നിക്ഷേപങ്ങളിൽ നിന്നുള്ള വരവ് | 0 | 0 | 0 |
| പലിശ ലഭിച്ചത് | 100000/- | 22293/- | -77703/- |
| മറ്റു വരവുകൾ | 11867500/- | 12039500/- | 172000/- |
| ആകെ | 13830000/- | 13168033/- | -661963/- |

01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻന്റിംഗ് കമ്മറ്റി പരിഗണിക്കുകയോ ചർച്ചയിൽ ഉൾപ്പെടുത്തുകയോ ചെയ്യാതെ തന്നെ ഭരണസമിതി 25.4.23 ൽ അംഗീകരിക്കുകയാണ് ചെയ്തത്. ഇത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. നിലവിൽ, വസ്തു നികുതി പരിഷ്കരണത്തിന് 27.6.2023 ൽ എസ്.സി.2-2607/23 ആയി നോട്ടീസ് പുറപ്പെടുവിച്ച് ആക്ഷേപം സമർപ്പിക്കുന്നതിന് 30 ദിവസത്തെ സമയം നല്കിയിരിക്കുകയാണ്.

സ.ഉ(കൈ) നം. 117/2022/lsgd തീയതി 01.06.2022 നമ്പർ സർക്കുലർ പ്രകാരമുള്ള കുടിശ്ശിക രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

സഞ്ചയ സോഫ്റ്റ്വെയർ അപ്ഡേഷൻ നടത്താത്തതിനാൽ പുതിയ നികുതി നിരക്കുകൾ പ്രാബല്യത്തിലായിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 2023-24 ലെ പെർമിറ്റ് ഫീ രജിസ്റ്റർ പ്രകാരം 19 അപേക്ഷകൾ ലഭിച്ചതായി കാണുന്നുണ്ടെങ്കിലും 8 പേരിൽ നിന്നു മാത്രമേ (ക്രമ നം. 1,2,3,6,7,8,9,11) പെർമിറ്റ് അപേക്ഷാ ഫീ ലഭിച്ചതായി കാണുന്നുള്ളൂ. സർക്കാർ ഉത്തരവ് (കൈ) നം.85/2023/lsgd/31.3.23 പ്രകാരം 10.04.2023 മുതൽ വർദ്ധിപ്പിച്ച നിരക്കിൽ പെർമിറ്റ് അപേക്ഷാ ഫീ, പെർമിറ്റ് ഫീ എന്നിവ ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷാ ഫീ, പെർമിറ്റ് ഫീ എന്നിവ ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു.

| ക്രമ | അപേക്ഷ നം. | പേര് | വിസ്തൃതി ($M^2$) | ഈടാക്കേണ്ട | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|

| നം. | | | | അപേക്ഷാ ഫീ | | |
|---|---|---|---|---|---|---|
| 1 | SC2-1559/ 17.4.23 | ലെൻഷാദ്, ചെങ്ങറപ്പള്ളിൽ, പെരുമ്പളം | 157.77 (പാർപ്പിടാവശ്യം) | 1000 | 300 (1230100029/ 17.4.23) | 700 |
| 2 | SC2-1510/10.4.13 | ലളിത, കൊല്ലംവെളിയിൽ | 104.67 (പാർപ്പിടാവശ്യം) | 1000 | 300 (1230100028/ 10.4.23) | 700 |

പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

| ക്രമ നം. | അപേക്ഷ നം. | പേര് | വിസ്തൃതി ($M^2$) | ഈടാക്കേണ്ട പെർമിറ്റ് ഫീ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | SC2-1559/ 17.4.23 | ലെൻഷാദ്, ചെങ്ങറപ്പള്ളിൽ, പെരുമ്പളം | 157.77 (പാർപ്പിടാവശ്യം) | 15777 (157.77X100) | 13001/- (1230100104/11.5.23) | 2776 |
| 2 | SC2-1962/ 12.5.23 | ധനേഷ് എം.ആർ. മണ്ണേഴത്തുചിറ | 68.57 (പാർപ്പിടാവശ്യം) | 3428 | 480/- (1230100219/ 17.6.23) | 2948 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235എഎ(1), കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018. (SRONo.96/2018;15.02.2018) എന്നിവയിലെ വ്യവസ്ഥ പ്രകാരം രാജിയാക്കൽ ഫീ (Compounding Fee) നിലവിലുള്ള പെർമിറ്റ്ഫീയുടെ ഇരട്ടിയായിരിക്കുന്നതാണ്. പെരുമ്പളം ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് ഫീ രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന അപേക്ഷകനിൽ നിന്നും റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവു കാണുന്നു.

| ക്രമ നം. | അപേക്ഷ നം. | പേര് | വിസ്തൃതി ($M^2$) | ഈടാക്കേണ്ട പെർമിറ്റ് ഫീ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | SC2-1506/ 10.4.23 | എം.എൻ. സൗന്ദരരാജൻ, മേത്താഴമംഗലം പെരുമ്പളം | 202.46 (പാർപ്പിടാവശ്യം) | 40492/- (202.46X100X2) | 2835/- (140120105/ 13.7.23) | 37657/- |

കുറവുവന്ന തുകകൾ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ - എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല.**

1. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

മെഡിക്കൽ ഷോപ്പുകൾ

ക്ലിനിക്കൽ ലാബുകൾ (ഒരെണ്ണം എടുത്തിട്ടുണ്ട്)

റേഷൻകടകൾ

അക്ഷയകേന്ദ്രങ്ങൾ

ക്ഷീരസംഘങ്ങൾ

കള്ളുഷാപ്പുകൾ

റിസോർട്ടുകൾ

ഓഡിറ്റോറിയങ്ങൾ

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും ഈ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കേണ്ടത് സംബന്ധിച്ച് സൂചിപ്പിച്ചിരുന്നെങ്കിലും പഞ്ചായത്ത് നടപടി സ്വീകരിച്ചതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ജൈവവൈവിധ്യ പഠനക്ലാസ് നടത്തിയതിന് ഗ്രാമപഞ്ചായത്തിൽ നിന്നും വൗച്ചർ നം 2220014 പ്രകാരം രചന ഓഡിറ്റോറിയത്തിന് 3000/- രൂപ വാടക നല്കിയിട്ടുണ്ട്. എന്നാൽ ടി ഓഡിറ്റോറിയം ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

വൗച്ചർ നം. 222212 പ്രകാരം 7000/- രൂപ പ്രസാദം ഓഡിറ്റോറിയത്തിന് വാടക നല്കിയിട്ടുണ്ട്. ഈ സ്ഥാപനവും ലൈസൻസ് നേടിയിട്ടുള്ളതായി കാണുന്നില്ല.

2. ലൈസൻസ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന ലൈസൻസികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായും കാണുന്നില്ല.

1. ലൈസൻസ് രജിസ്റ്റർ ക്രമ നം. 26 – രാജൻ.റ്റി.ആർ., ചായക്കട (കെട്ടിട നം.8/117B)

ക്രമ നം. 71 – രാജേഷ് മോൻ (കെട്ടിട നം. ഇല്ല)

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/27.7.2023) 31.07.2023 ൽ ലഭ്യമാക്കിയ മറുപടിയിൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. ഹരിതകർമ്മസേനയുടെ വാർറൂം പോർട്ടൽ റിപ്പോർട്ട് പ്രകാരം 164 വ്യാപാര സ്ഥാപനങ്ങൾ ഉള്ളതായാണ് കാണുന്നത്. ഇതിൽ സർക്കാർ സ്ഥാപനങ്ങളും വ്യാപാര സ്ഥാപനങ്ങളും പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളും ഉണ്ടെന്നും നിലവിൽ 85 വ്യാപാര സ്ഥാപനങ്ങളിൽനിന്നും സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെ 59 മറ്റു സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന മാലിന്യം ശേഖരിക്കുന്നുണ്ടെന്നുമാണ് വി.ഇ.ഒ. അറിയിച്ചിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയെങ്കിലും രണ്ടാം അർദ്ധവർഷം ഒടുക്കിയതായി കാണുന്നില്ല.

| സ്ഥാപനം | ജീവനക്കാരുടെ പേര്, തസ്തിക | ഒടുക്കിയ തുകയുടെ വിവരം |
|---|---|---|
| സി ഡി എസ് പെരുമ്പളം | രാധിക വി ആർ, അക്കൌണ്ടന്റ് | 720/- |
| സി എച്ച് സി പെരുമ്പളം | ഡോ. ഖദീജ ജുമ്മ, അസിസ്റ്റന്റ് സർജ്ജൻ | 1250/- |
| “ | ഡോ.രഞ്ജു മോൻ, അസിസ്റ്റന്റ് സർജ്ജൻ | 1250/- |
| “ | ഡോ.മുഹമ്മദ് ഷെറിൻ, അസിസ്റ്റന്റ് സർജ്ജൻ | 1250/- |
| “ | സുരഭി രാമചന്ദ്രൻ, ലാബ് ടെക്നീഷ്യൻ | 1250/- |

| | | |
|---|---|---|
| “ | ജോയ്സി ജി,<br>എം എൽ എസ് റ്റി | 1250/- |
| “ | ബിൻസി മോൾ<br>സ്റ്റാഫ് നഴ്സ് | 1250/- |
| “ | സജീന എസ്<br>ഫാർസിസ്റ്റ് | 750/- |
| എം എൻ ആർ ഇ ജി എസ്,<br>പെരുമ്പളം ഗ്രാമ പഞ്ചായത്ത് | രാധിക<br>ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1250/- |
| “ | ജിജി മോൾ<br>ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1250/- |
| “ | ഷെറിൻ<br>അക്രഡിറ്റഡ് എഞ്ചിനീയർ | 1250/- |
| “ | ശരണ്യ<br>ഓവർസിയർ | 1250/- |
| “ | സൂര്യ<br>ഓവർസിയർ | 1250/- |

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോത്പ്പാദക സംഘങ്ങൾ, കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നിവയിലെ ഉടമകൾ/ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല.
വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/ 29.07.23) ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി നല്കാത്ത ജീവനക്കാരിൽ നിന്നും പലിശ സഹിതം ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പട്ടികയിൽപ്പെട്ട, രണ്ടാം അർദ്ധവർഷം പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്ത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല

വാടക രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ പെരുമ്പളം ഇറപ്പുഴ ബോട്ട് ജെട്ടിയിൽ സ്ഥിതി ചെയ്യുന്ന കടമുറി 2018 - 19 വർഷം (06/2018 മുതൽ) 1000/-രൂപ നിരക്കിൽ ശ്രീ. അജീഷ്, കുരുവിതോടത്ത് എന്നയാൾക്ക് വാടകയ്ക്ക് കൊടുത്തിട്ടുള്ളതാണ്. 2019-20 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം ടിയാൾ 09/2019 മുതൽ 03/2020 വരെയുള്ള വാടക തുക 7700/- രൂപ (1100/-പ്രതിമാസം) ഒടുക്കിയിട്ടില്ല. 2020-21 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം, 04/2020 മുതൽ 12/2022വരെ വാടകയിനത്തിൽ വരവില്ല. തുടർന്ന്, 01/2023 ലാണ് ശ്രീ.ഡി കെ ചെല്ലപ്പൻ എന്നയാൾക്ക് വാടകയ്ക്ക് നല്കിയിട്ടുള്ളത്. വാടക രജിസ്റ്ററിൽ കുടിശ്ശികയായി നില്ക്കുന്ന 7700/- രൂപ ഈടാക്കുവാൻ സ്വീകരിച്ച നടപടി, സെക്യൂരിറ്റി ഡെപ്പോസിറ്റ് തനതുഫണ്ടിൽ നിലനില്ക്കുന്നുണ്ടോ എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/26.07.2023) ലഭ്യമാക്കിയ മറുപടിയിൽ, 09/2019 മുതൽ കടമുറി തുറന്ന് പ്രവർത്തിച്ചിരുന്നില്ല എന്നും 03/2020 മുതൽ കോവിഡ് വന്നതിനെ തുടർന്ന് കടമുറി ലേല നടപടികൾ നടന്നിട്ടില്ല എന്നുമാണ്. എന്നാൽ ടിയാൾ 09/2019 മുതൽ കടമുറി ഒഴിവാകുന്നതിനായി അപേക്ഷ സമർപ്പിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, കടമുറി തുറന്ന് പ്രവർത്തിച്ചില്ല എന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 2019-20 വർഷത്തെ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന കുടിശിക വാടക തുക ഈടാക്കേണ്ടതാണ്. വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള വരവുകൾ വ്യക്തമല്ല

ഗ്രാമപഞ്ചായത്തിന്റെ എസ്.ബി.ഐ. പെരുമ്പളം ശാഖയിലുള്ള ബാങ്ക് അക്കൗണ്ടിലെ (നം. 57055891750) പാസ്ബുക്ക് പ്രകാരമുള്ള താഴെപ്പറയുന്ന വരവുകൾ ഏതിനത്തിലെ തുകയാണെന്ന് വ്യക്തമല്ല.

13.3.23 - 23250/-

10.5.23- 7800/-

10.5.23 – 4400/-

10.5.23 – 5600/-

24.5.23 – 23043/- എന്നീ തുകകൾ വരവുള്ളതായി തനത് ഫണ്ട് പാസ് ബുക്ക് പ്രകാരം കാണുന്നു. എന്നാൽ ഈ വരവുകൾ ഏതിനങ്ങളിലുള്ളതാണെന്ന് വ്യക്തമല്ല. 10.5.23 ലെ തുകകൾ ബാങ്കിലിരുന്ന പഴയ ഡി.ഡി.കൾ ബാങ്ക് പണമാക്കി മാറ്റി നല്കിയതാണ് എന്നാണ് പഞ്ചായത്തിൽ നിന്നും നേരിൽ അറിയിച്ചിട്ടുള്ളതെങ്കിലും ഇത് ഏത് ഇനത്തിലെ/ആരുടെ തുകയാണെന്ന് വ്യക്തമല്ല. മറ്റു തുകകൾ സംബന്ധിച്ചും വ്യക്തമാക്കണമെന്ന് 29.07.2023 ലെ 12-ാം നമ്പർ എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുകകൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-15 പാണാവള്ളി - പെരുമ്പളം ജങ്കാർ സർവ്വീസ് - അപാകതകൾ

പെരുമ്പളം ഗ്രാമപഞ്ചായത്ത് നടത്തിവരുന്ന പാണാവള്ളി - പെരുമ്പളം ജങ്കാർ സർവ്വീസിന്റെ കളക്ഷൻ, പഞ്ചായത്തിലെ വൗച്ചർ എന്നിവയുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. 25.01.2023 ൽ ജങ്കാർ കളക്ഷൻ റിപ്പോർട്ട് എടുത്തിരിക്കുന്നത് 14.15 (2.15pm)നാണ്. എന്നാൽ മേൽ ദിവസത്തെ ട്രിപ്പ് ഷീറ്റ് പ്രകാരം രാത്രി 8.40 വരെ സർവ്വീസ് നടത്തിയിട്ടുണ്ട് (രസീത് നം. 1403/25.1.23).

2. 26.01.2023 ൽ ജങ്കാർ കളക്ഷൻ റിപ്പോർട്ട് പ്രകാരം 34856/- രൂപയാണ് വരവുള്ളത്. എന്നാൽ 32560/- രൂപ മാത്രമേ പഞ്ചായത്തിൽ അടവാക്കിയതായി കാണുന്നുള്ളൂ. 2296/- രൂപ കുറവായാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.

3. 6.4.23 ൽ ജങ്കാർ കളക്ഷൻ റിപ്പോർട്ട് പ്രകാരം 35800/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ ജങ്കാർ കളക്ഷൻ റിപ്പോർട്ട് എടുത്തിട്ടുള്ളത് 15.25 (3.25 Pm) നാണ്. ട്രിപ്പ് ഷീറ്റ് പ്രകാരം വൈകിട്ട് 8.40 വരെ സർവ്വീസ് നടത്തിയിട്ടുണ്ട്. മുൻ/പിൻ ദിവസങ്ങളിൽ 20.51/20.40 എന്നിങ്ങനെയാണ് ജങ്കാർ കളക്ഷൻ റിപ്പോർട്ട് സമയം. 26.5.23 (08.56) - (കളക്ഷൻ തുക – 37676/-); 7.6.23 (08.21) - (കളക്ഷൻ തുക – 22461/-) എന്നിങ്ങനെയാണ് ജങ്കാർ കളക്ഷൻ റിപ്പോർട്ട് സമയം കാണിച്ചിട്ടുള്ളത്. മുൻപിൻ ദിവസങ്ങളിൽ ട്രിപ്പ് ഷീറ്റ് സമയപ്രകാരം തന്നെയാണ് ജങ്കാർ കളക്ഷൻ റിപ്പോർട്ട് എടുത്തിട്ടുള്ളത്.

4. 16.3.23 ൽ രാത്രി സർവ്വീസിനുശേഷം പാണാവള്ളിയിൽ നിന്നും അരയകുളങ്ങര അമ്പലത്തിലേക്ക് ആനയെ ഇറക്കിയതായും വെളുപ്പിന് 03.45 നാണ് ട്രിപ്പ് പൂർത്തിയായതെന്നും ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 17.3.23 ലെ ലോഗ് ബുക്ക് പ്രകാരം വെളുപ്പിന് 3.30 തുടങ്ങി 06.30 വരെ ആനയെ പെരുമ്പളം അരയകുളങ്ങര അമ്പലത്തിൽ നിന്നും പാണാവള്ളിയിലേക്ക് ഇറക്കിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഒരേ ദിവസം രാത്രിതന്നെ ആനയെ പെരുമ്പളത്തേയ്ക്കും പാണാവള്ളിയിലേക്കും ഇറക്കിയതായാണ് കാണുന്നത്.

5. 8.2.22 മുതൽ 9.4.22 വരെ വിവിധ ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾക്ക് പാണാവള്ളിയിൽ നിന്നും പെരുമ്പളത്തേയ്ക്കും തിരികെയും ആനയെ ജങ്കാർവഴി ഇറക്കിയതിനായി ജീവനക്കാർക്ക് 47500/- രൂപ അധികവേതനം നല്കിയിട്ടുണ്ട്(വൗച്ചർ നം. 220033/20.4.22). എന്നാൽ ഈ സാമ്പത്തികവർഷം ആദ്യമാസങ്ങളിൽ രസീത് നം. 1220100028/11.4.22 പ്രകാരം 10000/- രൂപ മാത്രമാണ് പഞ്ചായത്തിൽ ശ്രീ ഷണ്മുഖപുരം ക്ഷേത്രം അടവാക്കിയതായി കാണുന്നത്. 2022 ആദ്യമാസങ്ങളിലെ

ഉത്സവസീസണിൽ ആകെ ലഭ്യമായ തുകയുടെ വിശദവിവരം ഹാജരാക്കിയില്ല.

6. 2023 മാർച്ച് മാസം ജങ്കാറിന്റെ ശരാശരി ഡീസൽ ചെലവ് 144.83 ലിറ്ററാണ്. എന്നാൽ 2023 ഏപ്രിൽ മാസം ഇത് 163.66 ആയി വർദ്ധിച്ചിരിക്കുന്നു. ഡീസലിന്റെ ശരാശരി ഉപഭോഗം പല മാസങ്ങളിലും വളരെയേറെ വ്യത്യാസം കാണിക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/29.07.2023) 31.07.23 ൽ ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം.1, 3 എന്നിവയിലെ അപാകതകൾ ലസ്കർമാർ ടിക്കറ്റ് മെഷനിൽ തീയതിയും സമയവും സെറ്റ് ചെയ്തതിലെ പിഴവാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഇപ്രകാരം ലസ്കർമാർക്ക് ടിക്കറ്റ് മെഷീനിൽ ദിവസവും സമയവും സെറ്റ് ചെയ്യാൻ കഴിയുമെങ്കിൽ എപ്പോൾ വേണമെങ്കിലും ഇഷ്ടാനുസരണം ടിക്കറ്റ് മെഷീൻ സെറ്റ് ചെയ്ത് ദുരുപയോഗിക്കാൻ ജങ്കാർ ജീവനക്കാർക്ക് കഴിയും. സ്ഥിരമായി ദിവസവും സമയവും സെറ്റ് ചെയ്തിട്ടുള്ളതും ദിനാന്ത്യ കളക്ഷൻ റിപ്പോർട്ടിന് ക്രമനമ്പർ ഉള്ളതുമായി ടിക്കറ്റ് മെഷീൻ വാങ്ങി നല്കുന്നതിന് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്. മുൻ റിപ്പോർട്ടുകളിലും ഇത് സൂചിപ്പിച്ചിരുന്നുവെങ്കിലും നടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല.
ക്രമ നം.2 ലെ തുക ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കി എന്ന മറുപടി ലഭ്യമാക്കിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല.
ക്രമ നം. 4 ന് ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ ഒരു ദിവസം രാത്രിതന്നെ ആനകളെ ക്ഷേത്രത്തിലേക്കും തിരിച്ച് പാണാവള്ളിയിലേക്കും ഇറക്കി എന്നാണ് ലോഗ് ബുക്ക് പ്രകാരം കാണുന്നത്. അതായത് 16.3.23 രാത്രിയിലും 17.3.23 വെളുപ്പിനും. തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതാണ്.
ക്രമ നം. 5 ന് ആനയെ കൊണ്ടുവരുന്നതിന് മുഴുവൻ തുകയും അടവാക്കിയിട്ടുണ്ടെന്നും ക്ഷേത്ര ഭരണസമിതികൾ പല സമയത്തായിട്ടാണ് പണം അടവാക്കിയിട്ടുണ്ടെന്നുമുള്ള മറുപടി തൃപ്തികരമല്ല. 2022 ആദ്യമാസങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ച് ആനയെ ഇറക്കുന്നതിനായി പഞ്ചായത്തിൽ ആകെ അടവാക്കിയ തുകയുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.
ക്രമ നം.6 ന് മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വേലിയിറക്കംമൂലം ജങ്കാർ കൂടുതൽ പ്രവർത്തിപ്പിക്കേണ്ടി വരുന്നതിനാലാണ് ഡീസൽ ചെലവ് കൂടുന്നതെന്ന മറുപടി തൃപ്തികരമല്ല. എല്ലാ മാസങ്ങളിലും ഡീസൽ ഉപഭോഗത്തിൽ കാര്യമായ അന്തരമുണ്ട്.
ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഖണ്ഡിക 2-ൽ സൂചിപ്പിച്ചിട്ടുള്ള കുറവ് തുക 2296/- രൂപ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-16 തനതുഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

പെരുമ്പളം ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തികവർഷത്തെ വൗച്ചർ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വൗച്ചർ നം. 222001/4.4.22 പ്രകാരമുള്ള NPS ബാധകമായ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും NPS ഈടാക്കുകയോ പഞ്ചായത്ത് വിഹിതം ഉൾപ്പെടെ ബന്ധപ്പെട്ട ഹെഡിൽ അടവാക്കുകയോ ചെയ്തിട്ടില്ല.

2. NPS ബാധകമായ ജീവനക്കാർ ഈ ഓഫീസിലാണ് ആദ്യമായി സർവ്വീസിൽ ചേർന്നിട്ടുള്ളതെങ്കിൽ ജീവനക്കാരുടെ വിഹിതവും പഞ്ചായത്തുവിഹിതവും ചേർത്ത് കുടിശ്ശിക അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം

3. ഐശ്വര്യം ജങ്കാർ നന്നാക്കിയതിനാൽ വൗച്ചർ നം. 222037/21.4.22 പ്രകാരം SB Marine എന്ന സ്ഥാപനത്തിൽ നിന്നും വിവിധ സാധനങ്ങൾ വാങ്ങിയതിൽ 20 ലിറ്റർ 20/40 ഓയിൽ വാങ്ങി നിറച്ചതായും അതിൽ 18 ലിറ്ററും ചെലവായതായും ലോഗ് ബുക്ക് പ്രകാരം കാണുന്നു. എന്നാൽ ആകെ 5 ലിറ്റർ ഡീസൽ മാത്രമാണ് ജങ്കാർ പ്രവർത്തിപ്പിച്ചതിന് അന്നേദിവസം ചെലവഴിച്ചിട്ടുള്ളത്. ഇത്രയധികം ഓയിൽ ചെലവഴിക്കുവാനുണ്ടായ കാരണം

4. പത്രപ്പരസ്യം - വൗച്ചർ നം. 76/10.5.22 പ്രകാരം കരാർ/താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനായി ദേശാഭിമാനി പത്രത്തിൽ പരസ്യം ചെയ്തതിനായി 6426/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പരസ്യത്തിനായി തുക ചെലവഴിക്കാതെ ഉൾപ്പേജിൽ ഒരു വാർത്തയായി/അറിയിപ്പായി മാത്രം നല്കിയാൽ പോലും ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്നതാണ്. സാധാരണ ഇപ്രകാരമാണ് സ്ഥാപനങ്ങൾ താൽക്കാലിക ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നതും. കൂടാതെ പരസ്യങ്ങൾ നല്കുമ്പോൾ 24 $Cm^2$ വിൻഡോ പരസ്യം നല്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. എന്നാൽ നല്കിയിട്ടുള്ള പരസ്യങ്ങൾ 40 $Cm^2$ വരുന്നവയാണ്.

5. വൗച്ചർ നം. 97/23.4.22, 106/23.5.22 എന്നിവ പ്രകാരം 23.3.22, 11.3.22 എന്നീ ദിവസങ്ങളിൽ മംഗളം ദിനപ്പത്രത്തിൽ 3-ാം പേജിൽ നല്കിയിട്ടുള്ള ഒരേ അളവിലുള്ള ($48cm^2$) പരസ്യങ്ങൾക്ക് രണ്ടു നിരക്ക് ഈടാക്കിയതായി കാണുന്നു. 23.3.22 ൽ 2356/- രൂപയും 11.3.22 ൽ 2784/- രൂപയുമാണ് നല്കിയിട്ടുള്ളത്. ഇതും വിൻഡോ പരസ്യമല്ല.

6. പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെയും ഹൈമാസ്റ്റ് ലൈറ്റുകളുടെയും 2023 മാർച്ച് മാസ ബില്ലുകളിൽ താഴെപ്പറയുന്ന കൺസ്യൂമർ നമ്പരുകളിൽ മീറ്റർ വർക്ക് ചെയ്യാതെ പണം അടവാക്കിവരുന്നതായി കാണുന്നു.

കൺസ്യൂമർ നം. 15978, 17302, 02436, 01338, 17935. മീറ്ററുകൾ നന്നാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചതായി രേഖയില്ല.

എന്നാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/29.07.23) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല.

ക്രമ നം. 1, 2 എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ള NPS വിഹിതം അടവാക്കേണ്ടതും ക്രമ നം. 3, 4, 5 എന്നിവയിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ക്രമ നം.6 ൽ സൂചിപ്പിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ മീറ്റർ നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-17 പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ പഞ്ചായത്തിന് 18.43 ലക്ഷം രൂപയുടെ ബാധ്യത.

തൻവർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ ബാധ്യത 18,43,888/- രൂപയാണ്. നിലവിൽ കൃത്യമായി പെൻഷൻ വിഹിതം ഒടുക്കുന്നുണ്ടെങ്കിലും മുൻവർഷങ്ങളിലെ കുടിശ്ശികയാണ് വാർഷിക കണക്കിൽ ബാധ്യതയായി നിലനിർത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ പരിതാപകരമായതിനാൽ ടി തുക നാളിതുവരെ ഒടുക്കുവാൻ കഴിഞ്ഞിട്ടില്ല. യഥാസമയം പെൻഷൻ വിഹിതം ഒടുക്കാതിരുന്നതുമൂലം അക്കാലയളവിൽ പഞ്ചായത്തിൽ സേവനം ചെയ്തിരുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളെ സാരമായി ബാധിക്കുന്നതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 21/29.7.2023) മറുപടി ലഭ്യമാക്കിയില്ല. പെൻഷൻ കുടിശ്ശിക ഒടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി-അധിക ചെലവ് - 63600/-

പഞ്ചായത്തിലെ ക്ഷേമപെൻഷൻ വിതരണവിവരങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

I)പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം

സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്ന് കണ്ടു. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിൽ വളരെയധികം കാലതാമസം വരുന്നു. മരണ ശേഷവും പെൻഷൻ വിതരണം ചെയ്തതിന് ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് / വിലാസം | മരിച്ച തീയതി/ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | പണം മാറി നല്കിയ ബാങ്ക് അക്കൌണ്ട് വിവരം |
|---|---|---|---|---|---|
| 1 | ആർ.ബാലകൃഷ്ണൻ നായർ അറക്കപറമ്പിൽ പെരുമ്പളം P. O | 21.05.2022/ 08.06.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104290200424 | 06/2022-09 /2022= (600/-നിരക്കിൽ) 2400/- 10/2022-04/2023 = (1600/-നിരക്കിൽ) 11200/- ആകെ- 13600/- | 57055911676 (SBIN0070435) |
| 2 | മോഹനൻനായർ.റ്റി.സി കിഴക്കേ വൈലോപ്പിള്ളിൽ, കാളത്തോ പെരുമ്പളം P.O | 20.06.2022/ 04.07.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104290200702 | 07/2022 - 04/2023 = (1600/-നിരക്കിൽ) 16000/- | 67253218955 (SBIN0070435)) . |
| 3 | വേണുഗോപാലൻ തോട്ടകത്ത്, കോയിക്കൽ, പെരുമ്പളം, പെരുമ്പളം P. O | 28.06.2022/ 06.07.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷന് 104290200438 | 07/2022- 08/2022 (600/-നിരക്കിൽ) =1200/- | 67245020000 (SBIN0070435) |
| 4 | പങ്കജാക്ഷൻനായർ പടിഞ്ഞാറെകുരുവേലിൽ, പെരുമ്പളം P. O | 03.05.2022/ 30.05.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷന് 104290201094 | 06/2022- 04/2023 (1600/-നിരക്കിൽ) =17600/- | 0818101039413 (CNRB0000818-TRIPUNITHURA) |
| 5 | നബീസ കല്ലിടുംകടവ്, എസ്.കെ.വി.വായനശാല പെരുമ്പളം P. O | 10.08.22/ 17.08.22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104290200668 | 09/2022 - 04/2023 = (1600/-നിരക്കിൽ) 12800/- | 67386283060 (SBIN0070435) |
| 6 | ജാനകി ഗോപാലൻ വെളിയിൽ നികർത്ത്, ഹൈസ്കൂൾ, പെരുമ്പളം, പെരുമ്പളം P. O | 02.12.22/ 15.12.22 | വാർദ്ധക്യകാല പെൻഷൻ 104290200305 | 01/23 To 4/23 (600/-നിരക്കിൽ) =2400/- | 67190252951 (SBIN0070435) |
| | ആകെ | | | 63600/- | |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുകയായ 63,600/- രൂപ ടി അക്കൌണ്ടിന്റെ അനന്തരാവകാശികളിൽ നിന്നും തിരികെ ഈടാക്കി ഡിബിറ്റി സെല്ലിൽ ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

II)ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ രേഖകൾ, സേവനഡാറ്റാ ബേസിലെ വിവരങ്ങളുമായി പരിശോധിച്ചതിൽ, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മരണപ്പെട്ട വ്യക്തികയുടെ അക്കൌണ്ടിലേയ്ക്ക് തുക നൽകിയതായി കാണുന്നു. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമനം | പേര് /വിലാസം | മരിച്ച തീയതി/ മരണ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | സീനത്ത്, പാറപറമ്പിൽ ഹൗസ്, ഇട്ടിയാതി, ഇടപ്പള്ളി നോർത്ത്.P.O കോളേജ്.P.O | 17.08.22/ 03.09.2022 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം 101910601962 | 09/2022- 04/2023 = (1600/-നിരക്കിൽ) 12800/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. (കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ നിന്നും തുക കൈപ്പറ്റി.) |

III)മരണപ്പെട്ട ആളുകളുടെ പെൻഷൻ തുക സഹകരണബാങ്കുകളിലെ അക്കൌണ്ടിലേക്ക് തുകനൽകികൊണ്ടിരിക്കുന്നു.

ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്തിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായി കാണുന്നു.

ഇതുമൂലം സഹകരണ ബാങ്കുകളിലെ അക്കൌണ്ടിലേക്ക് തുക നൽകികൊണ്ടിരിക്കുന്നു.

ആയതിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിലെ ഡെത്ത് റിപ്പോർട്ട് പരിശോധിച്ചതിൽ മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ സേവന ഡാറ്റാ ബെയ്സിൽ നിന്നും ഒഴിവാക്കുന്നതിൽ വളരെയധികം കാലതാമസം ഉള്ളതായി കാണുന്നു. ഇതുമൂലം അനർഹമായ കാലയളവിലെ പെൻഷൻ തുക നേരിട്ട് പെൻഷൻ ലഭിക്കുന്നവരുടെ സഹകരണ ബാങ്കുകളിലെ അക്കൌണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്യാതെ തുടരുന്നവരുടെ വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമനം | പേര് / വിലാസം | മരിച്ച തീയതി/ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക |
|---|---|---|---|---|
| 1 | സുരേന്ദ്രനാഥ കൈമൾ, മനിയ്ക്കുംപാടത്ത്, പെരുമ്പളം P. O | 24.08.2022/ 06.09.2022 | കർഷക തൊഴിലാളി പെൻഷൻ 104290100101 | 09/2022- 04/2023 = (1600/-നിരക്കിൽ) 12800/- |
| 2 | രുഗ്മിണി.പി.സി , | 21.08.22/ | ദേശീയ | 09/2022-04/2023= |

| | | | | |
|---|---|---|---|---|
| | പുത്തേഴത്ത്,പനമ്പുകാട്, പെരുമ്പളം P. O | 12.09.22 | വാർദ്ധക്യകാല പെൻഷൻ - 104290200375 | (600/-നിരക്കിൽ)=4800 |
| 3 | പങ്കജാക്ഷൻ. പി.എൻ, തോട്ടുപുറത്ത് ചിറയിൽ, പെരുമ്പളം P.O. | 11.08.22/ 14.09.22 | വാർദ്ധക്യകാല പെൻഷൻ 104290200482 | 09/2022-04/2023= (600/-നിരക്കിൽ)=4800 |

ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/29.07.2023) ഗുണഭോക്താക്കളുടെ മരണം സംഭവിച്ച മാസം തന്നെ പെൻഷൻ റദ്ദ് ചെയ്യാറുള്ളതാണെന്നും പഞ്ചായത്ത് ഏരിയയ്ക്ക് വെളിയിൽ നടക്കുന്ന മരണമാണെങ്കിൽ പലപ്പോഴും ആ വിവരം യഥാസമയം അറിയാത്ത് കൊണ്ടാണ് പെൻഷൻ റദ്ദ് ചെയ്യാൻ പറ്റാതെ വന്നിട്ടുള്ളതെന്നുമാണ്. ടി മറുപടി വസ്തുതാവിരുദ്ധമാണ്. പഞ്ചായത്തിലെ മരണ രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചാണ് ഓഡിറ്റ് അന്വേഷണത്തിലെ അപാകത ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളത്.

ബാങ്കുകളുടെ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക കേരള ബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതാണ്. നേരിട്ട് പെൻഷൻ വിതരണം ചെയ്യുന്ന സംഗതികളിൽ ഏതൊക്കെ സഹകരണ ബാങ്കുകൾ വഴിയാണ് പെൻഷൻ വിതരണം നടത്തുന്നതെന്നും, ഇപ്രകാരം വിതരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ ബാങ്കുകൾ എല്ലാ മാസവും മരണപ്പെട്ട ഗുണഭോക്താക്കളുടെ റിപ്പോർട്ട് ലഭ്യമാക്കുന്നുണ്ടോയെന്ന വിവരവും അറിയിക്കേണ്ടതാണ്.

### 1-19 വനിതകൾക്ക് മെൻസ്ട്രൽ കപ്പ് – വിതരണ രേഖകൾ ഹാജരാക്കിയില്ല.

പെരുമ്പളം എഫ്.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വനിതകൾക്ക് മെൻസ്ട്രൽ കപ്പ് എന്ന പ്രോജക്ട് പ്രകാരം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ മാനേജ്മെന്റ് അക്കാദമി, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും മെൻസ്ട്രൽ കപ്പ് വാങ്ങുന്നതിനായി 557251/- രൂപ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിനായി തൻവർഷം രണ്ട് പ്രോജക്ടുകളാണ് മെഡിക്കൽ ഓഫീസർ നടപ്പാക്കിയിട്ടുള്ളത്. പ്രോ.നം 107/23 പ്രകാരം 3,00,000/- രൂപയും പ്രോ.നം 111/23 പ്രകാരം 2,57,257/- രൂപയും ഇതിനായി ചെലവഴിച്ചിട്ടുണ്ട്. ഒരു മെൻസ്ട്രൽ കപ്പിന് 300/- രൂപ ക്രമത്തിൽ 1858 കപ്പുകൾ മേൽ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയതിന്റെ ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇവ എപ്രകാരം വിതരണം ചെയ്തുവെന്നതു സംബന്ധിച്ച വിതരണ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. വിതരണ രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 557251/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം.

ബിൽ നം 82/1.11.2022 -3,00,000/-

ബിൽ നം 83/1.11.2022 -2,57,251/-

### 1-20 പദ്ധതി രൂപീകരണ ചെലവ് - നടപ്പാക്കാത്ത പ്രോജക്ടിനുവേണ്ടി രജിസ്റ്ററുകളും രേഖകളും പ്രിന്റ് ചെയ്യുന്നതിന് തുക ചെലവഴിച്ചു.

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി രൂപീകരണ ചെലവ് എന്ന പ്രോജക്ടിനായി (പ്രോജക്ട് നം.40) വികസനഫണ്ടിൽ നിന്നും 250000/-രൂപ വകയിരുത്തിയിരുന്നു. ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി കൊച്ചിൻ ഗ്രാഫിക്സ് എന്ന സ്ഥാപനത്തിന്, വാതിൽപ്പടി സേവനം എന്ന പ്രോജക്ടിനുവേണ്ടി രജിസ്റ്ററുകളും മറ്റ് രേഖകളും പ്രിന്റ് ചെയ്തതിന് പ്രിന്റിംഗ് ചാർജ്ജ് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രിന്റ് ചെയ്ത രേഖ | അളവ്/നിരക്ക് | ഇൻവോയ്സ് | തുക (GST |
|---|---|---|---|---|

| നം. | | | നം. | ഉൾപ്പെടെ) |
|---|---|---|---|---|
| 1 | വാതിൽപ്പടി മോണിറ്ററി പാസ് ബുക്ക് | 150 എണ്ണം @28/- | 16/19.08.2022 | 4700/- |
| 2 | വാതിൽപ്പടി രജിസ്റ്റർ | 13 എണ്ണം@400 | 20/19.08.2022 | 5820/- |
| 3 | വാതിൽപ്പടി സേവനം ക്യാഷ് രജിസ്റ്റർ | 1 എണ്ണം@700 | 19/15.08.2022 | 780/- |
| 4 | വാതിൽപ്പടി സേവനം (Spiral Binding + Print) | 183pagesx7 Nos @264.29 Per Nos | 22/15.08.2022 | 2070/- |
| 5 | വാതിൽപ്പടി സേവനം രസീത് ബുക്ക് | 2 എണ്ണം @ 175 | 21/15.08.2022 | 390/- |
| 6 | വാതിൽപ്പടി സേവനം സ്റ്റോക്ക് രജിസ്റ്റർ | 1 എണ്ണം@ 700 | 20/15.08.2022 | 780/- |
| | ആകെ | | | 14540 |

എന്നാൽ വാതിൽപ്പടി സേവനം എന്ന പ്രോജക്ട് നടപ്പാക്കിയിട്ടില്ല എന്ന് കാണുന്നു. പ്രോജക്ട് നടപ്പാക്കാതെ രജിസ്റ്ററുകളും രേഖകളും പ്രിന്റ് ചെയ്യുന്നതിനായി തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. 2023-24 വർഷത്തേക്ക് പ്രോജക്ട് സ്പിൽ ഓവറായി നടപ്പാക്കുന്നതിന് അംഗീകാരം വാങ്ങിയതായും കാണുന്നില്ല. രജിസ്റ്ററുകളും രേഖകളും സ്റ്റോക്കിലെടുത്തതിന്റെ രേഖയും ഹാജരാക്കിയിട്ടില്ല. മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/26.07.2023) ലഭ്യമാക്കിയ മറുപടിയിൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും സമയബന്ധിതമായി പ്രോജക്ടിന്റെ പ്രാരംഭ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശിച്ചിരുന്നു എന്നും 2023-24 വർഷത്തെ വാർഷിക പദ്ധതി ഭേദഗതിയിൽ പുതിയ പ്രോജക്ടായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും രേഖകളും രജിസ്റ്ററുകളും സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചിട്ടുണ്ടെന്നും പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും നിർവ്വഹണ സമയത്ത് പ്രിന്റ് ചെയ്ത രജിസ്റ്ററുകളും രേഖകളും ഉപയോഗിക്കുന്നതാണെന്നും മറുപടി നൽകി. രജിസ്റ്ററുകളും രേഖകളും നിലവിൽ ഉപയോഗിക്കാത്തതിനാലും സ്റ്റോക്കിലെടുത്തിതിന്റെ രേഖ ഹാജരാക്കിയിട്ടില്ലാത്തതിനാലും 14540/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ്

71804/- BRN No. 22060752011300517834/06.09.2022

1-21 അങ്കണവാടികൾക്ക് പോഷകാഹാരം - വണ്ടി വാടകയിനത്തിൽ തുക അധികം നല്കി.

ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അങ്കണവാടികൾക്ക് പോഷകാഹാരം (പ്രോജക്റ്റ് നം. 16/23) എന്ന പ്രോജക്റ്റ് പ്രകാരം 04/2022 മുതൽ 02/2023 വരെയുള്ള ബില്ലുകൾ പ്രകാരമുള്ള ഭക്ഷ്യവസ്തുക്കൾ, അരി എന്നിവ ഇറക്കിയതിന് കയറ്റിറക്ക് കൂലിയിനത്തിൽ ശ്രീ. വിശ്വംഭരൻ, ജാതിക്കടവിൽ, പെരുമ്പളം എന്നയാളിന് തുക നല്കിയിട്ടുണ്ട്. മേൽ കാലയളവിൽ ആകെ ഇറക്കിയ സാധനങ്ങളുടെ തൂക്കം താഴെ കൊടുക്കുന്നു.

| Issue No./date | Kg |
|---|---|
| 0405105/2296/20.062022- Civil Supplies Corporation Ltd. | 1481.5 |
| 0405105/22271/14.10.2022- Civil Supplies Corporation Ltd. | 1397 |
| 0405105/22333/26.12.2022- Civil Supplies Corporation Ltd. | 852 |
| Civil Supplies Corporation Ltd -ൽ നിന്നും ലഭ്യമായ അരി(സ്റ്റോക്ക് | 350 |

| | |
|---|---|
| രജിസ്റ്റർ, പേജ് നം.63ൽ പ്രകാരം), Issue No./date ഫയലിൽ നിന്നും ലഭ്യമല്ല. | |
| ആകെ | 4080.5 |

ഫയൽ പരിശോധിച്ചതിൽ, 4080.5 കി. ഗ്രാം സാധനങ്ങൾ ഇറക്കിയതിന് 14043/-രൂപ [(1).ബിൽ നം. 19/2022-23,തീയതി – 25.02.2023 തുക – 112857, (2). ബിൽ നം. 26/2022-23, തീയതി -22.03.2023, തുക – 106309] നല്കിയിട്ടുണ്ട്. എന്നാൽ പട്ടിക പ്രകാരമുള്ള 4080.5 കി. ഗ്രാം സാധനങ്ങൾ ഇറക്കുന്നതിന് 12,241/-രൂപയാണ് (3 രൂപ നിരക്കിൽ) നല്കേണ്ടത്. 1802/-രൂപ അധികം നല്കിയതായി കാണുന്നു. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/26.07.2023) ലഭ്യമാക്കിയ മറുപടിയിൽ തുക അനുവദിച്ച് നല്കിയതിൽ പിഴവ് സംഭവിച്ചിട്ടുണ്ടെന്നും മാർച്ച് മാസത്തെ തുക നല്കുമ്പോൾ ഓഡിറ്റ് പരാമർശം പ്രകാരമുള്ള അധികം നല്കിയ തുക തിരികെ ഈടാക്കാമെന്നുമാണ് അറിയിച്ചിട്ടുള്ളത്. അധികം നല്കിയ 1802/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-22 പുളിക്കൽ വളവൻചിറ തോട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ - അംഗീകൃത എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ മനുഷ്യദിനം അനുവദിച്ചു.

വർക്ക് കോഡ് – FP383971

അളവ് പുസ്തകം നം – 13/2022-23

പുളിക്കൽ വളവൻചിറ തോട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുന്നതിന് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം 674 മനുഷ്യദിനങ്ങളാണ് കണക്കാക്കിയിട്ടുള്ളത്. 410 മീറ്റർ നീളവും 1.8 മീറ്റർ വീതിയുമുള്ള പുളിക്കൽ വളവൻചിറ തോടിന് ഇരുവശവുമുള്ള പുൽക്കാടുകൾ വെട്ടി വൃത്തിയാക്കി അടിയിൽ നിന്നും 80cm വീതിയിൽ 30cm ആഴത്തിൽ ചെളി കോരി തോടിന്റെ വശങ്ങളിൽ തേച്ച് പിടിപ്പിച്ച് ബലപ്പെടുത്തി അതിന് മുകളിൽ കയർ ഭൂവസ്ത്രം വിരിച്ച് പ്രാദേശികമായി ലഭിക്കുന്ന പുല്ല് വച്ചുപിടിപ്പിക്കുന്നതിനാണ് എസ്റ്റിമേറ്റിൽ 674 മനുഷ്യദിനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പ്രവർത്തിയുടെ അളവ് പുസ്തകം, മസ്റ്റർ റോൾ എന്നിവ പരിശോധിച്ചതിൽ, താഴെപറയും പ്രകാരം 706 മനുഷ്യദിനങ്ങൾക്കായി 219566/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | മസ്റ്റർ റോൾ നം. തീയതി | അനുവദിച്ച മനുഷ്യദിനം | നൽകിയ തുക |
|---|---|---|---|
| 01 | 861-864/23.4.22 | 182 | 56602 |
| 02 | 865-868/8.5.22 | 129 | 40119 |
| 03 | 1504-1507/9.5.22 | 157 | 48827 |
| 04 | 1719-1722/13.5.22 | 58 | 18038 |
| 05 | 2103-2106/24.5.22 | 180 | 55980 |
| | Total | 706 | 219566/- |

ജോലിത്തിരക്ക് മൂലമുള്ള അശ്രദ്ധ കൊണ്ടാണ് അംഗീകൃത എസ്റ്റിമേറ്റിൽ നിജപ്പെടുത്തിയ മനുഷ്യ ദിനങ്ങളേക്കാൾ കൂടുതൽ മനുഷ്യ ദിനങ്ങൾ അനുവദിച്ചതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 17/29.7.2023) മറുപടി ലഭ്യമാക്കിയത്. അധികം അനുവദിച്ച 32 മനുഷ്യദിനങ്ങളുടെ തുകയായ 9952/- രൂപ (32x311) അധികച്ചെലവിന് ഉത്തരവാദിയായ അക്രഡിറ്റഡ് എഞ്ചിനീയർ, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-23 പനമ്പുകാട് - കടേപ്പറമ്പ് ലക്ഷം വീട് കോളനി റോഡ് ടൈലിംഗ് - ടൈലിന് ഉയർന്ന നിരക്ക് നൽകി

വർക്ക് കോഡ് – RC341766

അളവ് പുസ്തകം നം – 98/2022-23, 218/2022-23

പനമ്പുകാട് - കടേപ്പറമ്പ് ലക്ഷം വീട് കോളനിയിലെ ഗ്രാവൽ റോഡിന്റെ പ്രതലം ഉയർത്തി ടൈൽ പാകി സഞ്ചാരയോഗ്യമാക്കുന്നതിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സെക്യൂർ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം അടങ്കൽ തുക 1462071/- രൂപയാണ്. ഇതിൽ 126197/- രൂപ ലേബർ ചാർജ്ജും 1335874/- രൂപ മെറ്റീരിയൽ കോസ്റ്റുമാണ്. ടെണ്ടറിലൂടെ റോഡ് നിർമ്മാണത്തിന് ആവശ്യമായ മെറ്റീരിയലുകൾ എസ്റ്റിമേറ്റ് നിരക്കിൽ സപ്ലൈ ചെയ്യുന്നതിന് കെ.ജി.ഗോപി എന്ന കരാറുകാരനുമായി 20.04.2022ൽ കരാർ വെയ്ക്കുകയും ടിയാന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. സപ്ലൈ ഓർഡർ ലഭിച്ചതിനെ തുടർന്ന് ടിയാൻ 80mm Thick M30 സ്പെസിഫിക്കേഷനിലുള്ള 580M2 ടൈലുകൾ വിതരണം നടത്തുകയും എസ്റ്റിമേറ്റ് നിരക്കായ ച.മീറ്ററിന് 1652/- രൂപ പ്രകാരം 9,58,160/- രൂപ നൽകുന്നതിന് അളവ് പുസ്തകത്തിൽ (നം 218/2022-23) ബിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

80mm Thick M30 ഇന്റർലോക്ക് ടൈൽ പാകുന്നതിനായി 2022-23 വർഷം PRICE സോഫ്റ്റ്‌വെയറിൽ നൽകിയിട്ടുള്ള ലോക്കൽ മാർക്കറ്റ് നിരക്ക് 876/- രൂപയാണ്. ആലുവയിലെ മഹൽ ഡിസൈൻ ടൈൽസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് മേൽ പ്രവർത്തിയ്ക്കായി കരാറുകാരൻ ടൈൽ വാങ്ങിയിട്ടുള്ളത്. ഫയലിൽ ചേർത്തിട്ടുള്ള ടാക്സ് ഇൻവോയ്സിൽ ഒരു ച.മീറ്ററിന് ജി.എസ്.ടി ഉൾപ്പെടെ 609.76/- രൂപ (ഒരു സ്ക്വയർ ഫീറ്റിന് 56.64/-) മാത്രമാണ് കരാറുകാരന് ചെലവായിട്ടുള്ളത്. അതായത് $580M^2$ ടൈലിന് ടിയാൻ നൽകിയ വില 3,53,661/-രൂപ മാത്രമാണ്. എന്നാൽ $580M^2$ ടൈൽ സപ്ലൈ ചെയ്തതിന് ടിയാന് 9,58,160/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഒരു വർക്കിൽ നിന്നും മാത്രം കരാറുകാരന് അധികമായി കിട്ടുന്നത് 5,97,499/- രൂപ. ബഹു. ഓംബുഡ്സ്മാന്റെ 13/03/2023ലെ ഉത്തരവിനെ തുടർന്ന് നാളിതുവരെ തുക നൽകിയിട്ടില്ല.

മേൽ പ്രവർത്തിയുടെ മെറ്റീരിയൽ ചാർജ് നാളിതുവരെ അനുവദിച്ചിട്ടില്ലായെന്നും ടി വിഷയത്തിന്മേൽ MGNREGS അപ്പലേറ്റ് അതോറിറ്റി കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിൽ വെച്ച് 12/05/2023ൽ ഹിയറിംഗ് നടത്തിയെങ്കിലും തുടർനടപടി വിവരം അറിയിച്ചിട്ടില്ലായെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം 16/29.7.2023) മറുപടി നൽകിയത്.

ബഹു. ഓംബുഡ്സ്മാന്റെ 13/03/2023ലെ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രമേ നിലവിൽ കുടിശ്ശികയായ മുഴുവൻ പൊതു ആസ്തികളുടേയും എഫ്.റ്റി.ഒ ജനറേറ്റ് ചെയ്യാവൂവെന്ന് കർശന നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ കോടതിയുടേയും സർക്കാരിന്റെ വ്യക്തമായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ കരാറുകാരന് തുക അനുവദിക്കാവൂ. കരാർ തുകയിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി, ഐ.ടി എന്നിവ കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കേണ്ടതാണ്.

## 1-24 കയർ ഭൂവസ്ത്രം വിരിച്ച് തോടുകളുടെ പാർശ്വഭിത്തി ബലപ്പെടുത്തൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പെരുമ്പളം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അവയുടെ പാർശ്വഭിത്തികൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുന്നതിനായി തൻവർഷം ഏറ്റെടുത്തിട്ടുള്ള പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, പല പ്രവർത്തികളുടേയും അളവ് പുസ്തകത്തിൽ ചെയ്ത പ്രവർത്തികളുടെ കൃത്യമായ വിവരം രേഖപ്പെടുത്താതെ മസ്റ്റർ റോളർ പ്രകാരമുള്ള വേതനം നൽകിയതായി കാണുന്നു. തോടുകളുടെ ഇരുവശവുമുള്ള പുൽക്കാടുകൾ വെട്ടി വൃത്തിയാക്കി അടിയിൽ നിന്നും ചെളി കോരി തോടിന്റെ വശങ്ങളിൽ തേച്ച് പിടിപ്പിക്കുകയും മുളയാണി ഉപയോഗിച്ച് കയർ ഭൂവസ്ത്രം വിരിച്ച് പാർശ്വഭിത്തി ബലപ്പെടുത്തി അതിന് മുകളിൽ പ്രാദേശികമായി ലഭിക്കുന്ന പുല്ല് വച്ചുപിടിപ്പിക്കുന്ന പ്രവർത്തിയാണ് ഇവിടെ നടപ്പാക്കുന്നതായി എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ പ്രവർത്തിയ്ക്ക് ആവശ്യമായ കയർ, മുള എന്നിവ സ്റ്റാക്ക് ചെയ്യുന്നതും തോടിന്റെ ചെയിനേജ്

തിരിച്ച് വിവിധ ഘട്ടങ്ങളിലായി പ്രവർത്തി നടപ്പാക്കിതിന്റെ പ്രാഥമിക വിവരങ്ങൾ മാത്രമാണ് എംബുക്കിൽ രേഖപ്പെടുത്തുന്നത്. ഓരോ ഇനം പ്രവർത്തിയുടെ ആകെ ചെയ്ത അളവുകൾ കൂട്ടി ഇനം തിരിച്ച് ഫൈനൽ ബില്ലും ബിൽ സംക്ഷിപ്തവും രേഖപ്പെടുത്തുന്നില്ല. ഇതുമൂലം ഓരോ പ്രവർത്തിയ്ക്കും വിനിയോഗിച്ച മനുഷ്യദിനം, മെറ്റീരിയലിന്റെ അളവ് തുക എന്നിവ വ്യക്തമല്ല. കയർ ബോർഡിൽ നിന്നും വാങ്ങുന്ന കയർ ഭൂവസ്ത്രം സ്റ്റോക്കിൽ ചേർത്ത് ഓരോ പ്രവർത്തിയ്ക്കും നൽകേണ്ടതെങ്കിലും ഇതിനായി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പല ഫയലുകളിലും കയർ ബോർഡിൽ നിന്നുള്ള ഇൻവോയ്സിന്റെ പകർപ്പ് സൂക്ഷിച്ചിട്ടില്ല.

പ്രവർത്തികളുടെ ബാഹുല്യം നിമിത്തം അളവ് പുസ്തകങ്ങൾ പൂർണ്ണമാക്കുവാൻ സാധിച്ചിട്ടില്ലായെന്നാണ് ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം 18/29.7.2023) വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുള്ളത്.

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തി സൈറ്റിൽ എപ്രകാരം നടപ്പാക്കിയെന്നുള്ളതിന്റെ ആധികാരിക രേഖയാണ് എംബുക്കിലെ രേഖപ്പെടുത്തലുകൾ. അളവ് പുസ്തകം അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിലൂടെ പദ്ധതി നടത്തിപ്പിന്റെ സുതാര്യതയാണ് ചോദ്യം ചെയ്യപ്പെടുന്നത്. സാമ്പത്തിക വർഷം അവസാനിച്ചതിന് ശേഷവും ഇത്തരത്തിൽ എംബുക്ക് അപൂർണ്ണമായി സൂക്ഷിക്കുന്നതും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാത്തതും അംഗീകരിക്കാവുന്നതല്ല. ഈ വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-25 ജങ്കാർ ഡ്രൈഡോക്ക് ചെലവ് - അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഐശ്വര്യം ജങ്കാർ ഡ്രൈഡോക്ക് ചെലവ് (പ്രോജക്ട് നം. 46) എന്ന പ്രവൃത്തിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1000000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 1700000/- രൂപയും റോഡിതര മെയിന്റനൻസ് ഗ്രാന്റ് 883000/- രൂപയും ഉൾപ്പെടെ ആകെ 3583000/- രൂപയാണ് വകയിരുത്തിയത്. 2022-23 സാമ്പത്തികവർഷം 2597825/- രൂപയുടെ ചെലവുണ്ട്. 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്ക് സംയുക്തമായി പ്രസ്തുത പദ്ധതി ഏറ്റെടുക്കുന്നതിന് 21.08.2022 – ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി 4.53 നമ്പർ തീരുമാനപ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിക്കായി കേരള മാരിടൈം ബോർഡ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 3415000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 21.11.2022-ലെ 12(1) തീരുമാനപ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു. കേരള മാരിടൈം ബോർഡ് ചീഫ് മെക്കാനിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിക്കായി ഇ ടെൻഡർ ക്ഷണിച്ചതിൽ 5 ടെൻഡറുകളാണ് ലഭിച്ചിട്ടുള്ളത്. കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ M/s Matprop Technical Services Pvt Ltd. എന്ന സ്ഥാപനത്തിന്റെ 2699598.891 രൂപയുടെ ടെൻഡർ അംഗീകരിച്ചു. ജങ്കാർ ഡ്രൈഡോക്ക് പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട അളവുപുസ്തകം രേഖപ്പെടുത്തൽ, ബിൽ തയ്യാറാക്കൽ, സാക്ഷ്യപത്രങ്ങളും മറ്റ് രേഖകളും തയ്യാറാക്കൽ എന്നിവ കേരള മാരിടൈം ബോർഡിനെയാണ് ഏല്പിച്ചിട്ടുള്ളത്. പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) ഇ-പ്രൊക്യൂർമെന്റ് പരസ്യം ദേശാഭിമാനി, മംഗളം ദിനപത്രങ്ങളിലാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം കേരള ഗസറ്റിന്റെ സ്റ്റോർ പർച്ചേസ് ഷീറ്റിൽ ഷോർട്ട് ടെൻഡർ നോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

2) ടെൻഡർ പരസ്യപ്രകാരം പ്രവൃത്തികൾക്കായി ജങ്കാർ പെരുമ്പളത്ത് നിന്നും കൊണ്ടുപോകുന്നതിന്റേയും പ്രവൃത്തി പൂർത്തീകരിച്ച് തിരികെ എത്തിക്കുന്നതിന്റെയും പൂർണ്ണമായ ചെലവും ഉത്തരവാദിത്തവും കരാർ സ്ഥാപനം വഹിക്കേണ്ടതാണ്. സ്ഥാപനം ഗ്രാമപഞ്ചായത്തുമായി 01.02.2023 ൽ ഏർപ്പെട്ട കരാറിലും "In Consideration Of The Work Being Awarded To The Bounden,

The Bounden Hereby Undertaken The Dry Dock Survey Works To Renewal Of KIV Certificate And Statutory Certificate Of Aiswaryam Jankar(KIV/ALP/PV/1486/16) To The Satisfaction Of The Government And In Accordance With The Terms And Conditions Under Which The Government Has Awarded The Work To The Bounden By Work Order No.SC1.1850/22 Dated 01/02/2023 And In Accordance With All The Prevailing Terms And Conditions Laid Down By The Government" ഇങ്ങനെ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇനം പ്രവൃത്തിക്കായി 35000/-രൂപ ചെലവഴിച്ചതായി കാണുന്നു.

3) എസ്റ്റിമേറ്റ് നിരീക്ഷണ ഡേറ്റായുടെ അടിസ്ഥാനത്തിൽ മാർക്കറ്റ് വില കൂടി പരിഗണിച്ച് പ്രൈസ് സോഫ്റ്റ്‌വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റും പ്രൈസ് ഷെഡ്യൂളും പരിശോധിച്ചതിൽ പല ഇനങ്ങൾക്കും വളരെ കൂടുതലോ വളരെ കുറഞ്ഞതോ ആയ നിരക്കാണ് കരാർ സ്ഥാപനം രേഖപ്പെടുത്തിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഇനം | എസ്റ്റിമേറ്റ് നിരക്ക് | കരാർ സ്ഥാപനം രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|---|
| 1 | Od 162/2022-23 Hauling Up Of The Vessel GRT Upto 100 Ton At A Place As Directed Bythe Department Officers, Keeping The Vessel At A Height Of 75cm Above The Ground Level For Inspection And Launching The Same After Under Water Repairs, As Directed By Department Officers | 131830.25 | 190000 |
| 2 | Od165/2022-23 Removing The Thickly Formed Oyster Coating And Other Vegetable Growth From The Under Water Portion Of The Vessel Including Clearing The Surface Etc. Complete As Per The Direction And Satisfaction Of Department Officers | 126.81 | 41.80 |
| 3 | Od 214/2022-23 Check The Elecrtical Wiring In The Vessel Replace The Defected Holders, Starters, Bulbs, Tubes Search Light Bells, Navigation Lights, Horn Etc Along With The Wiring If Required (The Contractor Should Procure The Defected Items/new Items From The Authorized Dealer And Submit The Original Bill Along With The Contractor Bill For Its Reimbursement. 15% Of The Cost Of Spares Will Be Paid To The Contractor As Overhead Charges For Arranging These Items. These Procured As Well As The Replaced Items Should Get Inspected By The Engineer Who Is In Charge Of The Work And The Unservicable/old Items Should Be Returned To Dept For Realisation Of Payment. | 4568.32 | 15200 |
| 4 | Dismantling Engine (Ashok Leyland ALM6ET) Heads And Other Accessories From The Engine, Cleaning And Recarbonizing The Cylinder, Piston, Head Etc. Cleaning The Crank Case Oil Sump, Valve And All Internal Parts, Valve Seat Grinding And Suiting, Replace The Damaged Wiring And Make Operational The Engine Control Panel, Overhaul The Engine, Replace All The Damaged Parts If Any | 107411.28/set | 27550/set |

4) ബിൽ തുകകളിൽ നിന്നും 1% ആദായനികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. 1961 – ലെ ആദായനികുതി ആക്ട് സെക്ഷൻ 194C പ്രകാരം സ്ഥാപനങ്ങളിൽ നിന്നും 2% ആദായനികുതി ഈടാക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ആദായനികുതി കുറവായി ഈടാക്കിയതിനാൽ 2022-23 വർഷം 25938/-രൂപ സ്ഥാപനത്തിന് അധികം നൽകി. 2022-23 വർഷം കേന്ദ്രസർക്കാരിന് ഉണ്ടായ 25938/- രൂപയുടെ നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പാർട്ട് ബിൽ | പ്രവൃത്തിയുടെ ആകെ മൂല്യം (ജി.എസ്.റ്റി ഒഴികെ) | ഈടാക്കേണ്ട ആദായനികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ഒന്നാം പാർട്ട് ബിൽ | 1633166.37 | 32663 | 16332 | 16331 |

| | | | | |
|---|---|---|---|---|
| രണ്ടാം പാർട്ട് ബിൽ | 960733.28 | 19214 | 9607 | 9607 |
| ആകെ | | | | 25938 |

2023-24 വർഷം നൽകിയ ബില്ലുകളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം ആദായനികുതി കണക്കാക്കി ഈടാക്കേണ്ടതാണ്.

5) പ്രവൃത്തിയുടെ ഭാഗമായി അധിക വർക്ക് നടത്തിയതായി കരാർ സ്ഥാപനം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അധിക വർക്കുകൾ നടത്തിയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിംഗ് കൊല്ലം പോർട്ട് - നോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതായി കാണുന്നു. അതനുസരിച്ച്, അധികം അളവിൽ ചെയ്ത പ്രവൃത്തിയുടെ 211949/- രൂപയുടെ എസ്റ്റിമേറ്റും എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത അധിക വർക്കുകളുടെ പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ 135000/- രൂപയുടെ എസ്റ്റിമേറ്റും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി നൽകിയിട്ടുണ്ട്. കേരള മാരിടൈം ബോർഡ് ചീഫ് മെക്കാനിക്കൽ എഞ്ചിനീയറിൽ നിന്നും സാങ്കേതിക അനുമതി ലഭിക്കുന്നതിന് കത്ത് ഗ്രാമ പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ സാങ്കേതികാനുമതി ലഭിച്ചതിന്റെ രേഖ ഫയലിൽ ഇല്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 211949 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് കരാർ സ്ഥാപനം ക്വാട്ട് ചെയ്ത നിരക്കിന്റെ അടിസ്ഥാനത്തിലാണ്.

6) കരാർ സ്ഥാപനം നൽകിയ ഇൻവോയ്സ് പ്രകാരം (09.03.2023 ലെ MTS/96/2022-23) സ്ക്രാപ്പിന്റെ വില 132660/- (4.020kg@33) രൂപയും 18% ജി.എസ്.റ്റിയും (23878/-) ഉൾപ്പെടെ 156539/- രൂപയാണ്. സ്പെയറിന്റെ വിലയിൽ നിന്നും സ്ക്രാപ്പിന്റെ വില 132660/- കുറച്ച് 163820/- രൂപയാണ് സ്ഥാപനത്തിന് നൽകിയത്. സ്ക്രാപ്പിന്റെ ജി.എസ്.റ്റി സ്ഥാപനത്തിൻ നിന്ന് ഗ്രാമ പഞ്ചായത്ത് ഈടാക്കി അടവാക്കേണ്ടതായിരുന്നു. 23878/- രൂപ സ്ഥാപനത്തിന് അധികം നൽകി.

7) KIV Certificate, Statutory Certificate എന്നിവ ലഭിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/29.07.2023) ന് കോടികൾ വില വരുന്ന ഒരു പൊതുമുതൽ കായലിൽ കിടന്ന് തുരുമ്പെടുത്ത് നശിക്കാതിരിക്കാൻ വേണ്ടിയും ത്രിതല പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഫണ്ട് നഷ്ടപ്പെടാതിരിക്കാനും 2022-23 വർഷം തന്നെ പ്രവൃത്തി പൂർത്തീകരിക്കണമെന്ന ലക്ഷ്യത്തോടെയാണ് ഈ പ്രവൃത്തി സംബന്ധിച്ച യാതൊരു വിധ സാങ്കേതിക അറിവുമില്ലാത്ത സെക്രട്ടറി ഈ പ്രവൃത്തി ഏറ്റെടുത്ത് നിർവ്വഹണം പൂർത്തിയാക്കിയിട്ടുള്ളതെന്നും എസ്റ്റിമേറ്റ്, സാങ്കേതിക അനുമതി, പ്രവൃത്തി നിർവ്വഹണ മേൽനോട്ടം, ബിൽ തയ്യാറാക്കൽ എന്നിവ കേരള മാരിടൈം ബോർഡ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണം നടത്തിയിട്ടുള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്. ജി.എസ്.ടി., ആദായനികുതി എന്നീ ഇനങ്ങളിലുള്ള നഷ്ടം സ്ഥാപനത്തിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡുകളിൽ അടവാക്കേണ്ടതാണ്. KIV Certificate, Statutory Certificate എന്നിവ ലഭിച്ചതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്.

2022-23 ലെ ചെലവിന്റെ വിശദാംശം

1014825/- Sanction Order No. 207/23.03.2023

700000/- Sanction Order No. 182/17.03.2023

883000/- Sanction Order No. 230/28.03.2023

1-26 ലൈഫ് ഭവന പദ്ധതി - പ്രവൃത്തി പൂർത്തിയാക്കിയില്ല

2021-22 വർഷം വി ഇ ഒ നിർവഹണം നടത്തിയ ലൈഫ് ഭവന പദ്ധതി എന്ന പ്രോജക്റ്റ് (നം.30/22) പ്രകാരം ആനുകൂല്യം (ആദ്യ ഗഡു തുക 40,000/-) കൈപ്പറ്റിയ ശ്രീമതി. മഞ്ജു, തോട്ടുപുറത്ത് എന്ന വ്യക്തി നാളിതുവരെ ഫൌണ്ടേഷൻ പൂർത്തീകരിച്ച് അടുത്ത ഗഡു തുക കൈപ്പറ്റിയിട്ടില്ലെന്ന് രജിസ്റ്റർ

പരിശോധിച്ചതിൽ കാണുന്നു.

ടി വിവരം ചൂണ്ടിക്കാണിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/27.07.2023) ലഭ്യമാക്കിയ മറുപടിയിൽ, മേൽ പരാമർശിച്ച വ്യക്തി വീടിന്റെ ഫൌണ്ടേഷൻ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ടിയാളുടെ അയൽവാസി വഴി കെട്ടി അടച്ചതിനാൽ വീട് പണിക്കുള്ള സാധനങ്ങൾ ഇറക്കാൻ കഴിയാതെ വന്നതിനാൽ രണ്ടാം ഗഡു പിന്നീട് നല്കിയാൽ മതിയെന്ന് അറിയിച്ചിട്ടുള്ളതിനാലാണ് രണ്ടാം ഗഡു നല്കാതിരിക്കുന്നതെന്നുമാണ്. പരാമർശിത പ്രശ്നം പരിഹരിച്ച് പണി തുടങ്ങാൻ സാധിയ്ക്കുന്നില്ലെങ്കിൽ അഡ്വാൻസ് ഇനത്തിൽ നല്കിയ തുക (40,000/-) തിരികെ ഈടാക്കേണ്ടതാണ്. തുടർ വിവരം ഓഡിറ്റിൽ അറിയ്ക്കേണ്ടതാണ്.

## 1-27 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നില്ല

കെ.പി.ഡബ്ല്യൂ.എ കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി മുതലായവ) മൂന്ന് വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും മൂന്ന വർഷത്തിലധികമായവ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരവും 3 വർഷത്തിലധികമുള്ള നിക്ഷേപങ്ങൾ/നിരതദ്രവ്യം തുകകൾ സർക്കാർ/തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പരിശോധിച്ചതിൽ 2013 വർഷം മുതലുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാതെ ഡെപ്പോസിറ്റ് ഹെഡിൽ സൂക്ഷിക്കുന്നതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം | 03/23വരെയുള്ള നീക്കിയിരുപ്പ് | റിമാർക്സ് |
|---|---|---|---|
| 01 | Contractors EMD | 322047 | 02/2013 |
| 02 | Suppliers EMD | 8816 | 02/2017-ന് ശേഷം വരവില്ല. |
| 03 | Bidders EMD | 497524 | 03/2014 മുതലുള്ള നിക്ഷേപം |
| 04 | Contractors SD | 1194968 | 03/2014 മുതലുള്ള നിക്ഷേപം |
| 05 | Suppliers SD | 34954 | 03/2013 മുതലുള്ള നിക്ഷേപം |
| 06 | Bidders SD | 22340 | 07/2016 മുതലുള്ള നിക്ഷേപം |
| 07 | Contractors Retension | 137307 | 05/2014 മുതലുള്ള നിക്ഷേപം |
| 08 | Other Deposit | 8042 | 02/2017-ന് ശേഷം ടി ഹെഡിൽ വരവില്ല. |
| 09 | Rent Deposit | 129000 | 04/2013 123000 ൽ ലഭിച്ച ജങ്കാർ വാടക ഉൾപ്പെടെ. |
| 10 | Auction Deposit | 300500 | 04/2016ൽ ലഭിച്ച ജങ്കാർ ലേലം ഡെപ്പോസിറ്റ് - 300000/- |
| | | 2655498/- | |

മേൽ പരാമർശിച്ചവയിൽ കാലഹരണപ്പെട്ട നിക്ഷേപം കണ്ടെത്തി പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 19/29.7.23) മറുപടി നൽകി. പഞ്ചായത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ ഭരണ സമിതിയോട് ശുപാർശ ചെയ്യുന്നു.

## 1-28 ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ -87272/- രൂപയുടെ മരുന്ന് ലഭിച്ചതിന്റെ

രേഖകൾ ഹാജരാക്കിയില്ല

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റിൽ ഉൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 100000/- രൂപ ബിൽ നം. 1/11.11.2022 പ്രകാരം ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 12728/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത് എന്ന് കാണുന്നു. ശേഷിക്കുന്ന 87272/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/26.072023) ശേഷിക്കുന്ന മരുന്നുകൾ 28.07.2023 -ൽ ലഭിച്ചിട്ടുണ്ടെന്നും ബില്ലുകൾ ലഭിച്ചിട്ടില്ലെന്നും ആയത് ലഭ്യമായാൽ മെഡിസിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ബില്ലിന്റെ പകർപ്പ് ലഭ്യമാക്കാമെന്നുമാണ് അറിയിച്ചിട്ടുള്ളത്. ബില്ലുകൾ ലഭ്യമാകുന്ന മുറയ്ക്ക് മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-29 ഓഡിറ്റ് ഇംപാക്റ്റ്

കൃഷി ഓഫീസർ തൻവർഷം നിർവ്വഹണം നടത്തിയ നെൽ കൃഷി (പ്രോജക്റ്റ് നം - 42/23), പച്ചക്കറികൃഷി (പ്രോജക്റ്റ് നം 64/23) എന്നീ പ്രോജക്റ്റുകൾക്കായി വകയിരുത്തിയ പദ്ധതി വിഹിതത്തിൽ നിന്നും ഓഫീസ് ആവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങുന്നതിനായി യഥാക്രമം 1250/- രൂപ, 500/- രൂപ എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2/24.07.2023) ലഭ്യമാക്കിയ മറുപടിയോടൊപ്പം 1750/- രൂപ ഒടുക്ക് വരുത്തിയതിന്റെ രസീതിന്റെ (നം. 1230400019/29.07.2023) പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. തുക തനത് ഫണ്ടിൽ നിന്നും വികസനഫണ്ടിലേയ്ക്ക് ഒടുക്കി ചെലാന്റെ പകർപ്പ് ലഭ്യമാക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പുളിക്കൽ വളവൻചിറ തോട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ - അംഗീകൃത എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ മനുഷ്യദിനം അനുവദിച്ചു

വർക്ക് കോഡ് – FP383971

അളവ് പുസ്തകം നം – 13/2022-23

പുളിക്കൽ വളവൻചിറ തോട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുന്നതിന് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം 674 മനുഷ്യദിനങ്ങളാണ് കണക്കാക്കിയിട്ടുള്ളത്. 410 മീറ്റർ നീളവും 1.8 മീറ്റർ വീതിയുമുള്ള പുളിക്കൽ വളവൻചിറ തോടിന് ഇരുവശവുമുള്ള പുൽക്കാടുകൾ വെട്ടി വൃത്തിയാക്കി അടിയിൽ നിന്നും 80cm വീതിയിൽ 30cm ആഴത്തിൽ ചെളി കോരി തോടിന്റെ വശങ്ങളിൽ തേച്ച് പിടിപ്പിച്ച് ബലപ്പെടുത്തി അതിന് മുകളിൽ കയർ ഭൂവസ്ത്രം വിരിച്ച് പ്രാദേശികമായി ലഭിക്കുന്ന പുല്ല് വച്ചുപിടിപ്പിക്കുന്നതിനാണ് എസ്റ്റിമേറ്റിൽ 674 മനുഷ്യദിനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പ്രവർത്തിയുടെ അളവ് പുസ്തകം, മസ്റ്റർ റോൾ എന്നിവ പരിശോധിച്ചതിൽ, താഴെപറയും പ്രകാരം 706 മനുഷ്യദിനങ്ങൾക്കായി 219566/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | മസ്റ്റർ റോൾ നം. തീയതി | അനുവദിച്ച മനുഷ്യദിനം | നൽകിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 01 | 861-864/23.4.22 | 182 | 56602 |
| 02 | 865-868/8.5.22 | 129 | 40119 |
| 03 | 1504-1507/9.5.22 | 157 | 48827 |
| 04 | 1719-1722/13.5.22 | 58 | 18038 |
| 05 | 2103-2106/24.5.22 | 180 | 55980 |
| | Total | 706 | 219566/- |

ജോലിത്തിരക്ക് മൂലമുള്ള അശ്രദ്ധ കൊണ്ടാണ് അംഗീകൃത എസ്റ്റിമേറ്റിൽ നിജപ്പെടുത്തിയ മനുഷ്യ ദിനങ്ങളേക്കാൾ കൂടുതൽ മനുഷ്യ ദിനങ്ങൾ അനുവദിച്ചതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയത്. അധികം അനുവദിച്ച 32 മനുഷ്യദിനങ്ങളുടെ തുകയായ 9952/- രൂപ (32x311) അധികച്ചെലവിന് ഉത്തരവാദിയായ അക്രഡിറ്റഡ് എഞ്ചിനീയർ, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 അങ്കണവാടികൾക്ക് പോഷകാഹാരം - വണ്ടി വാടകയിനത്തിൽ തുക അധികം നല്കി

ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അങ്കണവാടികൾക്ക് പോഷകാഹാരം (പ്രോജക്റ്റ് നം. 16/23) എന്ന പ്രോജക്റ്റ് പ്രകാരം 04/2022 മുതൽ 02/2023 വരെയുള്ള ബില്ലുകൾ പ്രകാരമുള്ള ഭക്ഷ്യവസ്തുക്കൾ, അരി എന്നിവ ഇറക്കിയതിന് കയറ്റിറക്ക് കൂലിയിനത്തിൽ ശ്രീ. വിശ്വംഭരൻ, ജാതിക്കടവിൽ, പെരുമ്പളം എന്നയാളിന് തുക നല്കിയിട്ടുണ്ട്. മേൽ കാലയളവിൽ ആകെ ഇറക്കിയ സാധനങ്ങളുടെ തൂക്കം താഴെ കൊടുക്കുന്നു.

| Issue No./date | Kg |
|---|---|
| 0405105/2296/20.062022-Civil Supplies Corporation Ltd. | 1481.5 |
| 0405105/22271/14.10.2022-Civil Supplies Corporation Ltd. | 1397 |
| 0405105/22333/26.12.2022-Civil Supplies Corporation Ltd. | 852 |
| Civil Supplies Corporation Ltd -ൽ നിന്നും ലഭ്യമായ അരി( സ്റ്റോക്ക് രജിസ്റ്റർ, പേജ് നം.63ൽ പ്രകാരം), Issue No./date ഫയലിൽ നിന്നും ലഭ്യമല്ല. | 350 |
| ആകെ | 4080.5 |

ഫയൽ പരിശോധിച്ചതിൽ, 4080.5 കി. ഗ്രാം സാധനങ്ങൾ ഇറക്കിയതിന് 14043/-രൂപ [(1).ബിൽ നം. 19/2022-23, തീയതി – 25.02.2023 തുക – 112857, (2). ബിൽ നം. 26/2022-23, തീയതി-22.03.2023, തുക – 106309] നല്കിയിട്ടുണ്ട്. എന്നാൽ പട്ടിക പ്രകാരമുള്ള 4080.5 കി.ഗ്രാം സാധനങ്ങൾ ഇറക്കുന്നതിന് 12,241/-രൂപയാണ് (3 രൂപ നിരക്കിൽ) നല്കേണ്ടത്. 1802/-രൂപ അധികം നല്കിയതായി കാണുന്നു. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/26.07.2023) ലഭ്യമാക്കിയ മറുപടിയിൽ തുക അനുവദിച്ച് നല്കിയതിൽ പിഴവ് സംഭവിച്ചിട്ടുണ്ടെന്നും മാർച്ച് മാസത്തെ തുക നല്കുമ്പോൾ ഓഡിറ്റ് പരാമർശം പ്രകാരമുള്ള അധികം നല്കിയ തുക തിരികെ ഈടാക്കാമെന്നുമാണ് അറിയിച്ചിട്ടുള്ളത്. അധികം നല്കിയ 1802/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 192765 | അംഗണവാടി പോഷകാഹാരം | 192765 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 181000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 181000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 207310 | സാന്ത്വനപരിചരണം | 207310 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 180000 | ലൈഫ് ഭവനപദ്ധതി | 180000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 700000 | ജങ്കാർ ഡ്രൈഡോക്ക് ചെലവ് | 700000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 200000 | ലൈഫ് ഭവനപദ്ധതി ഫേസ് 2 | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 320000 | ലൈഫ് ഭവനപദ്ധതി ജനറൽ | 320000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 99069 | പാലിന് സബ്സിഡി | 99069 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 292896 | അംഗണവാടി പോഷകാഹാരം | 292896 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 95250 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 95250 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. 1627489/- രൂപ ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22200314 | 1627489 | 1627489 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെപേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ചതുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | മുതൽ | പലിശ | |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ | ജി.ഒ.(എം.എസ്) 68/18/ത.സ്വ.ഭ.വ. തീയതി, 18.05.18 | ഇല്ല | 19546498 | 2033976 | ഇല്ല | 17512522 |

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരുപ്പ് ഉൾപ്പെടെ) | : | 39723405 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 33031855 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1802 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 571791 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 1802 | ശ്രീമതി. അനീസ സുരേന്ദ്രൻ, ഐ സി ഡി എസ് സൂപ്പർവൈസർ |
| ആകെ | | 1802 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 557251 | ഡോ. സുബിൻ കെ സലാം, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1-20 | 14540 | ശ്രീ. പ്രശാന്ത് കെ പി, സെക്രട്ടറി (ചാർജ്ജ്) |
| ആകെ | 571791 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25(4) | 25938 | ശ്രീ. ജയകുമാർ ജി വി, സെക്രട്ടറി |
| 3-1 | 9952 | ശ്രീ. ജയകുമാർ ജി വി, സെക്രട്ടറി,<br>ശ്രീമതി.ഷെറിൻ ഷിബുലാൽ, അക്രഡിറ്റഡ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജയകുമാർ ജി വി,<br>സെക്രട്ടറി | സെക്രട്ടറി,<br>പെരുമ്പളം ഗ്രാമപഞ്ചായത്ത് | സങ്കീർത്തനം, പന്മന,<br>ചവറ പി.ഒ, കൊല്ലം |
| ശ്രീ. പ്രശാന്ത് കെ പി,<br>സെക്രട്ടറി (ചാർജ്ജ്) | ഹെഡ് ക്ലാർക്ക്,<br>പെരുമ്പളം ഗ്രാമപഞ്ചായത്ത് | സൂര്യകാന്തി, പട്ടണക്കാട് പി.ഒ,<br>ചേർത്തല |
| ഡോ. സുബിൻ കെ സലാം,<br>മെഡിക്കൽ ഓഫീസർ,<br>എഫ് എച്ച് സി, പെരുമ്പളം | മെഡിക്കൽ ഓഫീസർ,<br>എഫ് എച്ച് സി, പെരുമ്പളം | സുബിൻ വില്ല, സൗത്ത് ആര്യാട്,<br>അവലൂക്കുന്ന് പി.ഒ, ആലപ്പുഴ |
| ശ്രീമതി. അനീസ സുരേന്ദ്രൻ,<br>ഐ സി ഡി എസ്<br>സൂപ്പർവൈസർ | ഐ സി ഡി എസ്<br>സൂപ്പർവൈസർ,<br>പെരുമ്പളം ഗ്രാമപഞ്ചായത്ത് | ഒടിയൻ വീട്, തോട്ടകം പി.ഒ,<br>വൈക്കം |
| ശ്രീമതി.ഷെറിൻ ഷിബുലാൽ,<br>അക്രഡിറ്റഡ് എഞ്ചിനീയർ | അക്രഡിറ്റഡ് എഞ്ചിനീയർ,<br>പെരുമ്പളം ഗ്രാമപഞ്ചായത്ത് | ലഭ്യമാക്കിയില്ല. |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ജി.എ5-1832/11/16-01-12 |
| 1997-98 | എൽ.എഫ്.ജി.എ5 -1832/11/16-01-12 |
| 2001-02 | എൽ.എഫ്.ജി.എ5-1832/11/16.1.2012 |
| 2006-07, 07-08 | എൽഎഫ്എ8-40,41/2010/16.7.2010 |
| 2008-09 | എൽഎഫ്എപി2-1207/2011/10.1.2012/11.4.2012 |
| 2009-10 | എൽഎഫ്എ പി2-1208/2011/10.1.2012/11.4.2012 |
| 2010-11 &<br>2011-12 | കെ.എസ്.എ.എ.എൽ.പി-പി4/1238/2022/ 30-11-2022 |
| 2012-13 | |
| 2013-14 | |
| 2014-15 | |

| | |
|---|---|
| 2015-16 | |
| 2016-17 | കെ.എസ്.എ.എ.എൽ.പി-പി11/1034/17/ 05.08.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി-പി11/1295/2018/05.09.2018 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി4-119/2020 തീയതി.29.05.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി4-382/2021 തീയതി. 12.04.21 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി4-655/2022 തീയതി. 03.07.22 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/പി4-30/2023 തീയതി. 23.02.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 30-06-2023 and submitted on 12-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Perumbalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Perumbalam Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Perumbalam Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1) The mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.
2) Cash flow statement â Net increase / decrease in cash flow does not match with the differernce between the opening and closing balance of cash and cash equivalens.
3) In the bank reconciliation statement of E-payment account for 03/2023, the amount 9086/- under the head âDirectly credited by bankâ not included in the receipt head.

4) DCB statement of property tax and Profession tax was not prepared and certified by the Secretary. Hence the accuracy of the amount mentioned in the annual finance statement could not be verified.
5) The demand entries property tax, professional tax etc are not recorded in the ledger at the beginning of the year and every month thereafter. No monthly reconciliations are made between ledger balances and concerned registers.

6) The unspent grant amount of Total sanitation shown as liability in Balalnce sheet schedule B-4 mismatch with schedule B-7 and RP-47(b)

7) According to schedule I-3, the annual demand amount under the head âother rental incomeâ is Rs.12039295. But as per schedule RP-42, the actual collection amount for this year is Rs.12042295. That is the collection amount is more than the demand.
8) The receipt and expenditure in respect of the Central Finance Commission Grants recoded in ACR mismatch with the annual accounts.
9) The total expenditure amount (25792000) of the National Rural Employment Guarantee Scheme recorded in Schedule I-6 of the annual accounts does not agree with the actual expenditure (25767000) in the MIS report

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്